**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **19-06-2024 - ൽ മറുപടിയ്ക്ക്**

**കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, പൊട്ടൻകാവ്- നെല്ലിക്കാട് റോഡ് എന്നിവയുടെ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന കിള്ളി-ഇ.എം.എസ്. അക്കാദമി റോഡ്, പൊട്ടൻകാവ്- നെല്ലിക്കാട് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത രണ്ട് റോഡുകളുടെയും പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; പ്രസ്തുത റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജക മണ്ഡലത്തിൽ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന കിള്ളി-ഇ.എം.എസ് അക്കാഡമി റോഡ്, പൊട്ടൻകാവ് - നെല്ലിക്കാട് – ഊന്നാംപാറ – ചീനിവിള – തിരളിക്കുഴി - കണ്ടല റോഡ് എന്നീ പദ്ധതികൾ എഫ്.ഡി.ആർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നവീകരിക്കുന്നത്.<br><br>തിരുവനന്തപുരം ജില്ലയിലെ 5 റോഡുകളുടെ FDR പ്രവൃത്തികൾ അടങ്ങിയ ടെൻഡർ ആദ്യം ലഭിച്ച കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കാത്ത സാഹചര്യത്തിൽ റീ ടെൻഡർ ചെയ്യുകയും പദ്ധതി ഹൈദരാബാദ് ആസ്ഥാനമായുള്ള വിശ്വസമുദ്ര എൻജിനീയറിങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ടെൻഡർ ലഭിക്കുകയും ചെയ്തു. പ്രസ്തുത കമ്പനിക്ക് കരാറിലേർപ്പെടുന്നതിനു മുന്നോടിയായുള്ള Letter of Acceptance 15.03.2024 ന് നൽകിയെങ്കിലും മാതൃക പെരുമാറ്റ ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ എഗ്രിമെന്റിൽ ഏർപ്പെടാൻ സാധിച്ചിരുന്നില്ല. മാതൃക പെരുമാറ്റ ചട്ടം പിൻവലിച്ച സാഹചര്യത്തിൽ എഗ്രിമെന്റിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഗ്രിമെന്റ് നിലവിൽ വന്നാലുടൻ Site hand over ചെയ്ത് പ്രവർത്തി ആരംഭിച്ച് പ്രവൃത്തിയുടെ നിശ്ചിത സമയ പരിധിയായ 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കിള്ളി ഇ.എം.എസ് അക്കാദമി റോഡിൽ എഫ്.ഡി.ആർ പദ്ധതിയ്ക്ക് മുന്നോടിയായി വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കെ.എസ്.ഇ.ബി ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊട്ടൻകാവ് - നെല്ലിക്കാട് – ഊന്നാംപാറ – ചീനിവിള – തിരളിക്കുഴി - കണ്ടല റോഡിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട് പ്രവൃത്തി ഉടൻ ആരംഭിക്കും. കെ.എസ്.ഇ.ബി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുകയും കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകേണ്ടതുണ്ട്.<br><br>ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ നടന്നു വരുന്നു. പൊട്ടൻകാവ്, ഊന്നാംപാറ, ചീനിവിള, കണ്ടല എന്നീ ജംഗ്ഷനുകളിൽ ഭൂവുടമകളുടെ തർക്കം നിലനിൽക്കുന്നതിനാൽ ഈ ഭാഗങ്ങളിൽ കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ